**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 193** **22-02-2022 - ൽ മറുപടിയ്ക്ക്**

**കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ കിഴക്കൻ മേഖലയിലെ ചികിത്സാ സൗകര്യങ്ങളുടെ അഭാവം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | തൃശ്ശൂർ ജില്ലയിലെ കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ കിഴക്കൻ മേഖലയിലുള്ളവർക്ക് ചികിത്സാ സൗകര്യങ്ങളില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ കിഴക്കൻ മേഖല മലയോരപ്രദേശമായതിനാലും യാത്രാ സൗകര്യങ്ങൾ കുറവായതിനാലും ചികിത്സാ സൗകര്യങ്ങളുടെ ലഭ്യത മറ്റ് മേഖലകളേക്കാൾ കുറവാണ്. |
| (ബി) | കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ സി.എച്ച്.സി. ചാലക്കുടി നഗരസഭയുടെ അതിർത്തിയോട് ചേർന്നാണ് സ്ഥിതി ചെയ്യുന്നതെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ സാമൂഹികാരോഗ്യകേന്ദ്രം, എലിഞ്ഞിപ്ര, ചാലക്കുടി നഗരസഭാ അതിർത്തിയോട് ചേർന്നാണ് സ്ഥിതി ചെയ്യുന്നത്. |
| (സി) | കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ കിഴക്കൻ മേഖലയിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ ഉൾപ്പെടെയുള്ളവർക്ക് ചികിത്സയ്ക്കായി ഇരുപത് കിലോമീറ്ററോളം സഞ്ചരിക്കേണ്ട സാഹചര്യം ഗൗരവത്തിലെടുക്കുമോ; | (സി) | മാസത്തിൽ മൂന്നാം തിങ്കളാഴ്ച ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും നിയോഗിച്ചവർ എത്തി കിഴക്കൻ മേഖലകളായ രണ്ടുകൈ, മാതംകോട് എന്നീ പ്രദേശങ്ങളിൽ ചികിത്സാ സൗകര്യം എത്തിക്കാറുണ്ട്. മേൽ പറഞ്ഞ സ്ഥലങ്ങളിൽ ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള കുത്തിവെയ്പ്, ജീവിതശൈലി രോഗ നിർണ്ണയം എന്നിവയും സബ് സെന്ററുകളിൽ മുടങ്ങാതെ നടത്താറുണ്ട്. കൂടാതെ കോവിഡ് വാക്സിനേഷൻ പാലിയേറ്റീവ് പരിചരണം എന്നിവയും നടക്കുന്നുണ്ട്. |
| (ഡി) | കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ കിഴക്കൻ മേഖലയിലെ ജനങ്ങൾക്ക് ചികിത്സാ സൗകര്യങ്ങളൊരുക്കുന്നതിനായി ഒരു പ്രാഥമികാരോഗ്യകേന്ദ്രം ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | പുതിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം നിലിവൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ